# സുജൂദ്,
# ചില പാഠങ്ങൾ

[فقه السجود]


മുഹമ്മദ് സ്വാദിഖ് മദീനി

إعداد / محمد صادق مديني



Web Edition by:

islamhouse.com

1434 - 2013

بِسْمِ اللّٰه الرَّحْمَـٰنِ الرَّحِيم

ഇസ്‌ലാം കാര്യങ്ങളിൽ ര ാമതായി എണ്ണപ്പെടുന്ന അതിശ്രേഷ്ഠമായ ആരാധനാ കർമ്മമാണ് നമസ്കാരം. ആരാധനകളുടെ കൂട്ടത്തിൽ പരലോകത്ത് ആദ്യമായി വിചാരണ ചെയ്യപ്പെടുന്നതും അതിനെ സംബന്ധിച്ചാണ്.നമസ്കാരം ഉപേക്ഷിക്കുന്നവനാകട്ടെ കാഫിറും സഖ്ർ എന്ന നരകത്തിന്റെ അവകാശിയുമാണ്.മനുഷ്യനെ തിന്മകളിൽനിന്നും മ്ലേച്ഛതകളിൽ നിന്നും നിർബന്ധമാക്കപെട്ട നമസ്കാരം തടഞ്ഞു നിർത്തുന്നു.

## സുജൂദും അതിന്റെ പ്രാധാന്യവും

നമസ്കാരത്തിലെ ഏറ്റവും പ്രധാനപെട്ട ഭാഗമാണ് സുജൂദ് അഥവാ സാഷ്ടാംഗം. നമസ്കാരം എന്ന വാക്കിന് പകരമായി സുജൂദ്, റുകൂഅ് എന്നീ വാക്ക് ക്വുർആൻ ഉപയോഗിച്ചതിൽനിന്നും അതിന്റെ സവിശേഷത മനസ്സിലാക്കാം. അല്ലാഹുവിന്റെ ദാസന്മാരെ സംബന്ധിച്ച് സൂറത്ത് ഫുർക്വാനിൽ അല്ലാഹു ﷻ പറഞ്ഞു:

وَالَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَامًا (64) - الفرقان

“തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊ ും, നിന്നും (നമസ്കരിക്കുന്നവരായിക്കൊ ്) രാത്രി കഴിച്ചു കൂട്ടുന്നവരുമാകുന്നു അവർ.” (അൽ ഫുർക്വാൻ: 64)

മറിയം عليها السلام നോട് അല്ലാഹു ﷻ വിന്റെ കൽപ്പന ഇപ്രകാരമായിരുന്നു;

يَا مَرْيَمُ اقْنُتِي لِرَبِّكِ وَاسْجُدِي وَارْكَعِي مَعَ الرَّاكِعِينَ (43) - آل عمران

“മർയമേ,നിന്റെ രക്ഷിതാവിനോട് നീ ഭയഭക്തി കാണിക്കുകയും, സാഷ്ടാംഗം ചെയ്യുകയും, തലകുനിക്കുന്നവരോടൊപ്പം തലകുനിക്കുകയും ചെയ്യുക.” (ആലുഇംറാൻ: 43)

## പ്രപഞ്ചം അല്ലാഹുവിന് സാഷ്ടാംഗം നമിക്കുന്നു

അനന്ത വിശാലമായ ഈ പ്രപഞ്ചവും അതിലെ ചെറുതും വലുതുമായ ചരാചരങ്ങളും അല്ലാഹുവിന് സുജൂദ് ചെയ്തുകൊ ിരിക്കുന്നു. അവ അല്ലാഹുവിന് തസ്ബീഹ് (കീർത്തനം) ചെയ്യുന്ന രൂപം നമുക്ക് അറിയാത്തതു പോലെത്തന്നെ അവയുടെ സുജൂദിന്റെ രൂപവും നമുക്ക് അറിയുകയില്ല. അല്ലാഹു ﷻ പറയുന്നു:

أَلَمْ تَرَ أَنَّ اللَّهَ يَسْجُدُ لَهُ مَنْ فِي السَّمَاوَاتِ وَمَنْ فِي الْأَرْضِ وَالشَّمْسُ وَالْقَمَرُ وَالنُّجُومُ وَالْجِبَالُ وَالشَّجَرُ وَالدَّوَابُّ وَكَثِيرٌ مِنَ النَّاسِ وَكَثِيرٌ حَقَّ عَلَيْهِ الْعَذَابُ وَمَنْ يُهِنِ اللَّهُ فَمَا لَهُ مِنْ مُكْرِمٍ إِنَّ اللَّهَ يَفْعَلُ مَا يَشَاءُ (18) - الحج : 18

“ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും,സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും,പർവ്വതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും, മനുഷ്യരിൽ കുറെപേരും അല്ലാഹുവിന് പ്രണാമം അർപ്പിച്ചു കൊ ിരിക്കുന്നു എന്ന് നീ ക ില്ലേ? (വേറെ) കുറെ പേരുടെ കാര്യത്തിൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു.അല്ലാഹു വല്ലവനെയും അപമാനിതനാക്കുന്ന പക്ഷം അവനെ ബഹുമാനിക്കുവാൻ ആരും തന്നെയില്ല. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.” (അൽഹജ്ജ്: 18)

ഒരിക്കൽ സൂര്യൻ അസ്തമിച്ചപ്പോൾ അബൂദറ് رضي الله عنه നോട് നബി ﷺ ചോദിച്ചു: അത് എങ്ങോട്ടാണ് പോകുന്നത് എന്ന് താങ്കൾക്ക് അറിയാമോ? അദ്ദേഹം പറ

ഞ്ഞു:അല്ലാഹുവും അവന്റെ ദൂതനുമാണ് കൂടുതൽ അറിയുന്നത്. തിരുമേനിﷺ പറഞ്ഞു:

فَإِنَّهَا تَذْهَبُ حَتَّى تَسْجُدَ تَحْتَ الْعَرْشِ فَتَسْتَأْذِنَ فَيُؤْذَنُ لَهَا وَيُوشِكُ أَنْ تَسْجُدَ فَلَا يُقْبَلَ مِنْهَا وَتَسْتَأْذِنَ فَلَا يُؤْذَنَ لَهَا يُقَالُ لَهَا ارْجِعِي مِنْ حَيْثُ جِئْتِ فَتَطْلُعُ مِنْ مَغْرِبِهَا فَذَلِكَ قَوْلُهُ تَعَالَى {وَالشَّمْسُ تَجْرِي لِمُسْتَقَرٍّ لَهَا ذَلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ}- البخاري

“അർശിന് ചുവട്ടിൽ സുജൂദ് ചെയ്യുന്നത് വരെ അത് പോവുകയും അപ്പോൾ അത് അനുവാദം ചോദിക്കുകയും ചെയ്യുന്നു, അങ്ങിനെ അതിന് അനുവാദം നൽകപ്പെടുന്നു. അത് സുജൂദ് ചെയ്യാറാവുകയും അതിൽനിന്നും സ്വീകരിക്കപ്പെടാതാവുകയും ചെയ്യും.അത് അനുമതി ചോദിക്കുകയും അനുവാദം നൽകപ്പെടാതിരിക്കുകയും ചെയ്യും.എവിടെനിന്നാണോ നീ വന്നത് അങ്ങോട്ട് തന്നെ മടങ്ങുക എന്ന് പറയപ്പെടും. അങ്ങിനെ അത് അതിന്റെ പടിഞ്ഞാറുനിന്ന് ഉദിക്കുന്നു. അതാണ് അല്ലാഹുവിന്റെ വചനം وَالشَّمْسُ تَجْرِي لِمُسْتَقَرٍّ لَهَا ذَلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ “സൂര്യൻ അതിന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവ്വജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്”.(യാസീൻ:38) ബുഖാരി.

അല്ലാഹുﷻ പറയുന്നു:

وَالنَّجْمُ وَالشَّجَرُ يَسْجُدَانِ (6) – الرحمن

“ചെടികളും വൃക്ഷങ്ങളും (അല്ലാഹുവിന്) പ്രണാമം അർപ്പിച്ചു കൊ ിരിക്കുന്നു.” (അർറഹ്മാൻ: 6)

وَلِلَّهِ يَسْجُدُ مَنْ فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا وَظِلَالُهُمْ بِالْغُدُوِّ وَالْآصَالِ

(15)– الرعد

“അല്ലാഹുവിന്നാണ് ആകാശങ്ങളിലും ഭൂമിയിലും ഉള്ള വരെല്ലാം പ്രണാമം ചെയ്തുകൊ ിരിക്കുന്നത്. സ്വമന സ്സോടെയും നിർബന്ധിതരായിട്ടും.പ്രഭാതങ്ങളിലും സാ യാഹ്നങ്ങളിലും അവരുടെ നിഴലുകളും (അവന്ന് പ്ര ണാമം ചെയ്യുന്നു.)” (അറഅ്ദ്: 15)

**മലക്കുകളുടെ സുജൂദ്**

അല്ലാഹുﷻവിന്റെ കൽപ്പനകൾ പൂർണ്ണമായി നിറ വേറ്റുന്നവരും അവനോട് എതിര് പ്രവർത്തിക്കാത്തവരു മായ മലക്കുകളുടെ എണ്ണത്തെ സംബന്ധിച്ചും ര ും മൂന്നും നാലും അതിൽ കൂടുതലും ചിറകുകളുള്ള മല ക്കുകളുടെ വലിപ്പത്തെകുറിച്ചും അല്ലാഹുﷻവിനല്ലാതെ നമുക്ക് അറിയുകയില്ല. പക്ഷെ ആകാശ ലോകത്തുള്ള മുഴുവൻ മലക്കുകളും അല്ലാഹുﷻവിന് സാഷ്ടാംഗം ചെയ്യുന്നു, നബിﷺ പറഞ്ഞു:

إِنِّي أَرَى مَا لَا تَرَوْنَ وَأَسْمَعُ مَا لَا تَسْمَعُونَ أَطَّتْ السَّمَاءُ وَحُقَّ لَهَا أَنْ تَئِطَّ مَا فِيهَا مَوْضِعُ أَرْبَعِ أَصَابِعَ إِلَّا وَمَلَكٌ وَاضِعٌ جَبْهَتَهُ سَاجِدًا لِلَّهِ –الترمذي – حسن

‘നിശ്ചയം നിങ്ങൾ കാണാത്തത് ഞാൻ കാണുകയും നിങ്ങൾ കേൾക്കാത്തത് ഞാൻ കേൾക്കുകയും ചെയ്യു ന്നു ്. ആകാശം ശബ്ദിക്കാറായിരിക്കുന്നു. അതിന് ശ ബ്ദിക്കാൻ അവകാശവുമു ്. നാല് വിരലിന് അവിടെ സ്ഥലം ഉ െങ്കിൽ അവിടെ മലക്ക് അല്ലാഹുവിന് സു ജൂദ് ചെയ്തുകൊ ് നെറ്റിത്തടം വെക്കുകയാണ്. (തി ർമിദി)

**ദുനിയാവിനേക്കാൾ ഉത്തമം**

അന്ത്യനാളിന്റെ അടയാളമായി ഈസﷺ ആഗതനാവുകയും അദ്ദേഹം നീതിയുടെ വിധികർത്താവുകയും കുരിശ് പൊട്ടിക്കുകയും പന്നികളെ കൊല്ലുകയും 'ജിസ്‌യ'ഇല്ലാതാക്കുകയും ചെയ്യുന്നതാണ്. സമ്പത്ത് കവിഞ്ഞൊഴുകുകയും അത് സ്വീകരിക്കാൻ ആളുകൾ ഇല്ലാത്ത അവസ്ഥ ഉ ാവുകയും ചെയ്യും. പ്രസ്തുത സംഭവത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ നബി ﷺ പറഞ്ഞു:

حَتَّى تَكُونَ السَّجْدَةُ الْوَاحِدَةُ خَيْرًا مِنْ الدُّنْيَا وَمَا فِيهَا- البخاري

'ഒര് സുജൂദ് ദുനിയാവും അതിലുള്ളതിനേക്കാളും ഉത്തമമായിരിക്കും'. (ബുഖാരി)

ഇമാം ഖുർത്തുബി ഇതിനെ വിവരിച്ചുകൊ ് പറഞ്ഞു: 'ആ സന്ദർഭത്തിൽ ധനം അധികരിച്ചതിനാലും അത് ആരും സ്വീകരിക്കാത്തതിനാലും ധനം ഉപകാരമില്ലാത്തതിനാലും നമസ്കാരം ദാനധർമത്തേക്കാൾ ഉത്തമമായിരിക്കും എന്നതാണ് ഹദീഥിന്റെ ആശയം'.

**പദവികൾ ഉയർത്തപ്പെടുന്നു.**

സുന്നത്തായ നമസ്ക്കാരങ്ങൾ അധികരിപ്പിക്കുകയും അങ്ങിനെ അല്ലാഹുവിന് സുജൂദുകൾ വർദ്ദിപ്പിക്കുകയും ചെയ്യുമ്പോൾ വിശ്വാസിയുടെ പാപങ്ങൾ പൊറുക്കപ്പെടുകയും സ്വർഗത്തിലുള്ള അവന്റെ പദവികൾ ഉയർത്തപ്പെടുകയും ചെയ്യും.സ്വർഗത്തിൽ റസൂൽﷺയുടെ സഹവാസം ആഗ്രഹിച്ച ഥൗബാൻവിനോട് അതിനുള്ള മാർഗമായി നബിﷺ നിർദേശിച്ചത് ഇപ്രകാരമാണ്.

« عَلَيْكَ بِكَثْرَةِ السُّجُودِ لِلَّهِ فَإِنَّكَ لاَ تَسْجُدُ لِلَّهِ سَجْدَةً إِلاَّ رَفَعَكَ اللَّهُ بِهَا دَرَجَةً وَحَطَّ عَنْكَ بِهَا خَطِيئَةً »-مسلم

'താങ്കൾ അല്ലാഹുവിന് ധാരാളം സുജൂദുകൾ ചെയ്യേതു ്. അല്ലാഹുവിന് വേ ി ഒരു സുജൂദ് ചെയ്താൽ അതുകൊ ് താങ്കളുടെ ഒരു പദവി അല്ലാഹു ഉയർത്തുകയും താങ്കളിൽ നിന്ന് ഒരു പാപം അവൻ നീക്കികളയുകയും ചെയ്യും.' (മുസ്‌ലിം)

**പരലോകത്ത് അടയാളം**

നമസ്കാരം വിശ്വാസിയെ നീചകൃത്ത്യങ്ങളിൽ നിന്ന് തടയുന്നതുപോലെതന്നെ നമസ്കാരത്തിന്റെ അടയാളങ്ങൾ വിശ്വാസിയിൽ പ്രകടമാകുന്നതാണ്. അല്ലാഹു ﷻ പറയുന്നു

مُحَمَّدٌ رَسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِنَ اللَّهِ وَرِضْوَانًا سِيمَاهُمْ فِي وُجُوهِهِمْ مِنْ أَثَرِ السُّجُودِ[الفتح : 29]

'മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു.അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊ ് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലു ്.' (അൽ ഫത്ഹ്: 29)

വുദ്വുവിന്റെയും സുജൂദിന്റെയും അടയാളങ്ങൾ നാളെ വിശ്വാസിയിൽ പ്രകടമാകുന്നതാണ് നബി ﷺ പറഞ്ഞു;

أُمَّتِي يَوْمَ الْقِيَامَةِ غُرٌّ مِنْ السُّجُودِ مُحَجَّلُونَ مِنْ الْوُضُوءِ- الترمذي – صحيح

'എന്റെ സമുദായം സുജൂദിനാൽ നെറ്റിയും, വുദ്വുവിനാൽ കൈകാലുകളും പ്രകാശിക്കുന്നവരായിരി ക്കും'. (തിർമിദി)

സുജൂദ് ചെയ്ത ഭാഗങ്ങൾ നരകാഗ്നി സ്പർശിക്കുന്നതല്ല എന്ന കാര്യവും നബിﷺ അറിയിച്ചു.നബി പറഞ്ഞു;

حَتَّى إِذَا فَرَغَ اللَّهُ مِنْ الْقَضَاءِ بَيْنَ عِبَادِهِ وَأَرَادَ أَنْ يُخْرِجَ مِنْ النَّارِ مَنْ أَرَادَ أَنْ يُخْرِجَ مِمَّنْ كَانَ يَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ أَمَرَ الْمَلَائِكَةَ أَنْ يُخْرِجُوهُمْ فَيَعْرِفُونَهُمْ بِعَلَامَةِ آثَارِ السُّجُودِ وَحَرَّمَ اللَّهُ عَلَى النَّارِ أَنْ تَأْكُلَ مِنْ ابْنِ آدَمَ أَثَرَ السُّجُودِ- البخاري

'അല്ലാഹു അവന്റെ അടിമകൾക്കിടയിലുള്ള വിചാരണയിൽ നിന്നും വിരമിക്കുകയും അല്ലാഹുവല്ലാതെ സാക്ഷാൽ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്ന് സാക്ഷ്യം വഹിച്ച ചിലരെ നരകത്തിൽനിന്നും പുറത്തുകൊ ുവരാൻ ഉദ്ദേശിക്കുകയും ചെയ്താൽ അവരെ പുറത്തെടുക്കുവാൻ അല്ലാഹു മലക്കുകളോട് കൽപ്പിക്കുന്നു.സുജൂദിന്റെ അടയാളങ്ങളാൽ അവർ അവരെ തിരിച്ചറിയുന്നു. ആദം സന്തതിയുടെ സുജൂദിന്റെ അടയാളങ്ങൾ തിന്നുന്നത് അല്ലാഹു നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു'. (ബുഖാരി)

## അടിമ അല്ലാഹുവുﷻമായി ഏറ്റവും അടുക്കുന്ന സമയം

നമസ്കാരത്തിൽ അടിമ അല്ലാഹുവുമായി രഹസ്യ സംഭാഷണത്തിലാണ്. പ്രസ്തുത മുനാജാത്തിൽ

അവനുമായി കൂടുതൽ അടുക്കുന്നത് സുജൂദിലാണ്. നബിﷺ പറഞ്ഞു:

« أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّهِ وَهُوَ سَاجِدٌ فَأَكْثِرُوا الدُّعَاءَ » – مسلم

'അടിമ തന്റെ രക്ഷിതാവിനോട് ഏറ്റവും കൂടുതൽ അടുക്കുന്നത് അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാൽ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുക.'(മുസ്ലിം)

ഈ ഹദീഥിനെ വിവരിച്ചുകൊ ് ശൈഖ് മന്നാവി ﷺ പറഞ്ഞു:'സുജൂദ് വേളയിൽ അടിമ അല്ലാഹുവിനോട് പരിപൂർണ്ണ കീഴൊതുക്കത്തിലും നിന്ദ്യതയിലുമാണ്. അടിമ തന്റെ നിസാരതയും ആവശ്യകതയും മനസിലാക്കുകയും തന്റെ രക്ഷിതാവ് ഏറ്റവും ഉന്നതനും വലിയവനും പരമാധികാരിയും മഹത്വമുള്ളവനും ആണെന്ന് അറിയുകയും ചെയ്താൽ ആ സുജൂദ് ഉത്തരം ലഭിക്കാൻ സാധ്യതയുള്ളതാണ്.

## സുജൂദ് അനുഭൂതിയുള്ളതാകുന്നത് എങ്ങിനെ

സുജൂദിൽ അല്ലാഹുവിﷻനോട് കൂടുതൽ അടുക്കുവാനും ആത്മാർത്ഥമായി പ്രാർത്ഥിക്കുവാനും കഴിയണമെങ്കിൽ ചില കാര്യങ്ങൾ നമുക്ക് ബോധ്യമാകേ തു ്. ലോകത്ത് ഒരാൾക്ക് മുമ്പിലും സാഷ്ടാംഗം നമിക്കുകയോ കുമ്പിടുകയോ ചെയ്യാത്ത വിശ്വാസി അവന്റെ ശരീരത്തിലെ ഏറ്റവും ശ്രേഷ്ടമായ മുഖത്തെ മണ്ണിൽ പതിച്ചുവെച്ചിരിക്കുന്നത് ഈ പ്രപഞ്ചത്തിന്റെ രക്ഷിതാവായ അല്ലാഹുവിന്റെ അടിമയാണ് താൻ എന്ന് അംഗീകരിക്കുന്നതിനാലാണ്. സകല വസ്തുക്കളേയും സൃഷ്ടിച്ച് പരിപാലിക്കുന്നവനും അന്ത്യനാളിന്റെ ഉടമസ്ഥനുമായ രക്ഷിതാവിന്റെ അടിമയാണ് താൻ എന്ന് അംഗീകരിക്കലാണ് മുഖം നിലത്ത് വെച്ചുകൊ ുള്ള

സുജൂദ്. അതിലൂടെ അവന് പറഞ്ഞറിയിക്കാൻ കഴിയാത്ത ആനന്ദം ഉ   ാകുന്നു.

ആദിമ പിതാവായ ആദംﷺനെ സൃഷ്ടിച്ചത് മണ്ണിൽ നിന്നാണ്. മണ്ണിലേക്ക് തന്നെയാണ് മനുഷ്യ മക്കൾ  മടങ്ങുന്നതും. സുജൂദ് വേളയിൽ നിലത്ത് വെച്ച മുഖത്തിന്റെ ഇരുഭാഗങ്ങളിലുമുളള അൽപം സ്ഥലം ഒഴിച്ച് വിശാലമായ പ്രപഞ്ചത്തെ ദർശിക്കുവാൻ അവന് സാധിക്കുന്നില്ല ഇതെല്ലാം ദുനിയാവിന്റെ നശ്വരതയെയും മരണശേഷമുളള ഒരു ജീവിതത്തെയും സംബന്ധിച്ച് അവനെ ഓർമപ്പെടുത്തുന്നു. നബിﷺ പറഞ്ഞു:

لَوْ كَانَتْ الدُّنْيَا تَعْدِلُ عِنْدَ اللَّهِ جَنَاحَ بَعُوضَةٍ مَا سَقَى كَافِرًا مِنْهَا شَرْبَةَ مَاءٍ –

الترمذي وصححه الألباني

'ദുനിയാവ് അല്ലാഹുവിന്റെയടുക്കൽ ഒരു കൊതുകിന്റെ ചിറകിന് സമമാകുമായിരുന്നുവെങ്കിൽ ഒരു സത്യനിഷേധിക്ക് അതിൽനിന്ന് കുടിനീര് കൊടുക്കുമായിരുന്നില്ല'. (തിർമിദി)

ഇവിടെ അഹങ്കരിക്കുവാൻ ഒരാൾക്കും അവകാശം ഇല്ലെന്ന് ദുനിയാവിന്റെ നശ്വരത അവനെ ബോധ്യപ്പെടുത്തുന്നു: അഹങ്കരിക്കുന്നവനോടായി മഹാനായ മുത്രിഫ് ഇബ്നു സഖീർﷺ പറഞ്ഞു: 'ആദമിന്റെ പുത്രന്റെ തുടക്കം മ്ലേഛമായ ഒരു ഇന്ദ്രിയ തുളളിയും അന്ത്യത്തിൽ ചീഞ്ഞുനാറുന്ന ശവവും അവക്കിടയിൽ മലവും പേറിനടക്കുന്നവനുമല്ലയോ!'.

ഇസ്ലാമിന്റെ സമത്വ സിദ്ധാന്തവും ഐക്യവുമെല്ലാം സുജൂദിൽ പ്രകടമാകുന്നു. ഭാഷയുടേയോ നിറത്തിന്റെയോ വിത്യാസങ്ങളില്ലാതെ അടുത്തടുത്തായി ഒരുമിച്ച് അവർ സുജൂദ് ചെയ്യുന്നു. ഒരാൾ എത്ര ഉയർന്നവനായാലും ഏതോ ഒരാളിന്റെ കാലുകളായിരിക്കും

സുജൂദിന്റെ വേളയിൽ തന്റെ തലക്ക് അടുത്തു ായിരിക്കുക.

അല്ലാഹുവിﷻന്റെ കൽപ്പനക്ക് വിധേയനായി ശരീരത്തിന്റെ ഏഴ് അവയവങ്ങൾ നിലത്ത് വെക്കുന്നവൻ നമസ്കാരശേഷവും പ്രസ്തുത അവയവങ്ങളും ശരീരവും മനസും മുഴുവനായി അല്ലാഹുവിന് സമർപ്പിക്കാൻ തയ്യാറാവേ തു ്. ആദംعليه السلامന് സുജൂദ് ചെയ്യണമെന്ന് മലക്കുകളോട് അല്ലാഹു കൽപ്പിച്ചപ്പോൾ അവന്റെ കൽപ്പന മുഖവിലക്കെടുക്കാതെ തിരസ്കരിച്ച ജിന്ന് വർഗത്തിൽ പെട്ട ഇബ്‌ലീസിനെപ്പോലെ വിശ്വാസി ആകരുത്. അല്ലാഹുവിന് സമർപ്പിക്കുന്ന സുജൂദ് നിഷ്കളങ്കവും ആത്മാർത്ഥവും ആയില്ലെങ്കിൽ അന്ത്യനാളിൽ അപമാനിതനായിത്തീരുന്ന ഒരുരംഗം വരാനിരിക്കുന്നു എന്ന ബോധം സുജൂദ് ചെയ്യുന്നവർക്ക് ഉ ായിരിക്കണം

അല്ലാഹുﷻ പറയുന്നു;

يَوْمَ يُكْشَفُ عَنْ سَاقٍ وَيُدْعَوْنَ إِلَى السُّجُودِ فَلَا يَسْتَطِيعُونَ (42) [القلم: 42]

'കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക.സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്കതിന് സാധിക്കുകയില്ല'. (അൽ ഖലം: 42)

നബിﷺ പറഞ്ഞു:

يَكْشِفُ رَبُّنَا عَنْ سَاقِهِ فَيَسْجُدُ لَهُ كُلُّ مُؤْمِنٍ وَمُؤْمِنَةٍ فَيَبْقَى كُلُّ مَنْ كَانَ يَسْجُدُ فِي الدُّنْيَا رِيَاءً وَسُمْعَةً فَيَذْهَبُ لِيَسْجُدَ فَيَعُودُ ظَهْرُهُ طَبَقًا وَاحِدًا- البخاري

'നമ്മുടെ രക്ഷിതാവ് അവന്റെ കണങ്കാൽ വെളിപ്പെടുത്തും. അപ്പോൾ അവന് എല്ലാ വിശ്വാസിയും വിശ്വാസിനിയും സുജൂദ് ചെയ്യും. ദുനിയാവിൽ ലോകമാന്യ

തക്കും അറിയപ്പെടാനുമായി സുജൂദ് ചെയ്തിരുന്നവരെല്ലാം അവശേഷിക്കും അവർ സുജൂദ് ചെയ്യാൻ പോകുമ്പോൾ അവന്റെ മുതുക് ഒരൊറ്റ അടുക്കായി മടങ്ങുന്നതാണ്.' (ബുഖാരി)

സുജൂദിന്റെ അർത്ഥവും ആശയവും ഉൾകൊ ് നിർവഹിക്കുമ്പോൾ നമസ്കാരം ആസ്വാദകരമായിത്തീരുന്നു.അതുകൊ ുതന്നെ നബിﷺ സുദീർഘമായി സുജൂദിൽ കിടക്കാറു ായിരുന്നു. പ്രവാചകന്റെ മകൻ ഇബ്റാഹീം മരണമടഞ്ഞ ദിവസം ഗ്രഹണമു ാവുകയും ഗ്രഹണ നമസ്കാരം സുദീർഘമായി നമസ്കരിക്കുകയും ചെയ്ത സംഭവത്തെ കുറിച്ച് ഇമാം അഹ്മദ് ﵀ ഉദ്ദരിക്കുന്ന ഹദീഥിൽ ഇപ്രകാരമു ്.

فَصَلَّ رَكْعَتَيْنِ فَأَطَالَ الْقِيَامَ ثُمَّ رَكَعَ مِثْلَ قِيَامِهِ ثُمَّ سَجَدَ مِثْلَ رُكُوعِهِ فَصَلَّ رَكْعَتَيْنِ كَذَلِكَ ثُمَّ سَلَّمَ- أحمد

'അപ്പോൾ തിരുമേനി ര ് റക്അത്ത് നമസ്കരിച്ചു. നിർത്തം ദീർപ്പിക്കുകയും ശേഷം നിർത്തത്തിന്റെ അത്രതന്നെ റുകൂഅ് ചെയ്യുകയും ശേഷം റുകൂഇന്റെ അത്രതന്നെ സുജൂദ് നിർവഹിക്കുകയും ചെയ്തു. തുടർന്ന് അപ്രകാരം ര ് റക്അത്ത് നമസ്കരിച്ചു'. (അഹ്മദ്)

ഒരു രാത്രി നമസ്കാരത്തിൽ പ്രവാചകൻﷺ ഒരു റക്അത്തിൽ തന്നെ സൂറത്തുൽ ബക്വറയും അന്നിസാഉം ആലുഇംറാനും പാരായണം ചെയ്തു. പ്രസ്തുത നമസ്കാരത്തിലെ സുജൂദ് ഏകദേശം നിറുത്തത്തിന്റെ അത്രതന്നെ നീ തായിരുന്നുവെന്ന് ഇമാം മുസ്ലിം﵀ രേഖപ്പെടുത്തുന്നു.പരലോകത്തെ ശഫാഅത്തിനെ സംബന്ധിച്ച് വന്ന ഹദീഥിലും നബിﷺ അർശിന് ചുവട്ടിൽ സുജൂദിൽ കിടക്കുമെന്ന് വിവരിച്ചിരിക്കുന്നു.

## സുജൂദ് അല്ലാഹുവിﷻന് മാത്രം

സൃഷ്ടികളോടുള്ള അമിതമായ സ്നേഹം മൂലമോ ആദരവു മൂലമോ അവർക്ക് മുമ്പിൽ സുജൂദ് ചെയ്യാൻ പാടില്ല.ആരാധനയാകുന്ന സുജൂദ് മറ്റാർക്കെങ്കിലും ചെയ്യുമ്പോൾ അത് അല്ലാഹുവിന് ശിർക്ക് വെക്കലായിത്തീരുന്നു. എന്നാൽ അപ്രകാരമല്ലാതെ കേവലം ആദരവിനുപോലും മറ്റാർക്കും സാഷ്ടാംഗം സമർപ്പിക്കാവതല്ല.

അല്ലാഹു ﷻ പറയുന്നു:

وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ إِنْ كُنْتُمْ إِيَّاهُ تَعْبُدُونَ (37) [فصلت : 37]

'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യന്നോ, ചന്ദ്രന്നോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന്ന് നിങ്ങൾ പ്രണാമം ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.' (ഫുസ്സിലത്ത്: 37)

നബിﷺ പറഞ്ഞു:.

لَوْ كُنْتُ آمِرًا أَحَدًا أَنْ يَسْجُدَ لِأَحَدٍ لَأَمَرْتُ الْمَرْأَةَ أَنْ تَسْجُدَ لِزَوْجِهَا- الترمذي حسن

'ഒരാൾക്കു മുമ്പിൽ സുജൂദ് ചെയ്യാൻ ഞാൻ ആരോടെങ്കിലും കൽപ്പിച്ചിരുന്നുവെങ്കിൽ ഭാര്യയോട് അവളുടെ ഭർത്താവിന് മുമ്പിൽ സുജൂദ് ചെയ്യാൻ ഞാൻ കൽപ്പിക്കുമായിരുന്നു'. (തിർമിദി)

എന്നാൽ മലക്കുകൾ ആദമിന്റെ മുമ്പിൽ സുജൂദ് ചെയ്തതും യൂസുഫ്ﷺന്റെ സഹോദരങ്ങൾ അദ്ദേഹത്തിന് സുജൂദ് ചെയ്തതുമെല്ലാം ആരാധനയുടെ സാഷ്ടാംഗമായിരുന്നില്ല. മലക്കുകൾ അല്ലാഹുവിന്റെ കൽപ്പ

ന പ്രാവർത്തികമാക്കുകയായിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഒരു ചോദ്യത്തിന് സൗദിഅറേബ്യയിലെ പ്രഗൽഭ പണ്ഡിതനായ ശൈഖ് അബ്ദുറഹ്മാൻ അൽബർറാക് ഇപ്രകാരമാണ് മറുപടി പറഞ്ഞത്.

ചോദ്യം: സുജൂദ് അല്ലാഹുവിന് മാത്രമേ പാടുള്ളൂ എന്ന് എനിക്ക് അറിയാം. പക്ഷെ ആദം(അ)മിന് സുജൂദ് ചെയ്യാൻ അല്ലാഹു മലക്കുകളോട് എന്തിനാണ് കൽപിച്ചത്? യൂസുഫ്(അ)മിന് സഹോദരങ്ങൾ എന്തിനാണ് സുജൂദ് ചെയ്തത്?

മറുപടി: സജൂദ് ര ് രൂപത്തിലു ്. ഒന്ന്: സുജൂദ് ചെയ്യപ്പെടുന്നവനെ മഹത്വപ്പെടുത്തിയും അയാളിൽനിന്ന് സാമീപ്യം തേടികൊ ുമുള്ള സുജൂദ്. അത് ആരാധനയാണ് പ്രസ്തുത സുജൂദ് എല്ലാ ശരീഅത്തിലും അല്ലാഹുവിന് മാത്രമാണുള്ളത്.

ര ്: ആദരിക്കാനും അഭിവാദ്യം ചെയ്യാനും വേ ിയുള്ള സുജൂദ്. ആദം(അ)മിന് സുജൂദ് ചെയ്യാൻ അല്ലാഹു മലക്കുകളോട് കൽപ്പിച്ചത് ഈ സുജൂദ് ആണ്. അവർ ആദമിനെ ആദരിക്കാൻ വേ ി സുജൂദ് ചെയ്തു.അല്ലാഹുവിനെ അനുസരിച്ചതിനാൽ അത് അല്ലാഹുവിനുള്ള അവരുടെ ഇബാദത്ത് ആണ്. കാരണം അല്ലാഹു അവരോട് സുജൂദ് ചെയ്യാൻ കൽപ്പിച്ചിരിക്കുന്നു.

എന്നാൽ യൂസുഫ്(അ)ന്റെ മാതാപിതാക്കളും സഹോദരങ്ങളും അദ്ദേഹത്തിന് ചെയ്ത സുജൂദ് അദ്ദേഹത്തെ ആദരിക്കാനും അഭിവാദ്യം ചെയ്യാനുമുള്ള സുജൂദ് ആയിരുന്നു. അത് അവരുടെ മതനിയമത്തിൽ അനുവദനീയവുമായിരുന്നു. എന്നാൽ അന്ത്യപ്രവാചകൻ മുഹമ്മദ്(സ) കൊ ുവന്ന മതനിയമത്തിൽ അല്ലാഹുവല്ലാത്തവർക്കുള്ള സുജൂദ് നിരുപാധികം നിഷിദ്ധമാണ്. അ

തിനാൽ നബിﷺ പറഞ്ഞു: ‘‘ഒരാൾക്കുമുമ്പിൽ സുജൂദ് ചെയ്യാൻ ഞാൻ ആരോടെങ്കിലും കൽപ്പിച്ചിരുന്നുവെങ്കിൽ ഭാര്യയോട് അവളുടെ ഭർത്താവിന് മുമ്പിൽ സുജൂദ് ചെയ്യാൻ ഞാൻ കൽപ്പിക്കുമായിരുന്നു’’.വേദഗ്രന്ഥത്തിന്റെ ആളുകൾ അവരുടെ മഹത്തുക്കൾക്ക് സുജൂദ് ചെയ്യാറു ് എന്ന് പറഞ്ഞ് നബിﷺക്ക് സുജൂദ് ചെയ്യാൻ വേ ി വന്ന മുആദ്ﷺനെ തിരുമേനിﷺ നിരോധിച്ചു. ശേഷം മുൻ ഹദീഥ്പറയുകയും ചെയ്തു. അല്ലാഹുവല്ലാത്തവർക്കുള്ള സുജൂദ് നിരുപാധികം ഈ ശരീഅത്തിൽ നിഷിദ്ധമായത് തൗഹീദ് യാഥാർത്ഥ്യമാക്കുവാനുള്ള ശരീഅത്തിന്റെ പൂർണതയാണ്. എല്ലാ മതനിയമങ്ങളും ഉൾകൊ  സമ്പൂർണമായ ശരീഅത്താണിത്. അല്ലാഹു പറയുന്നു. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.

## സുജൂദിന്റെ രൂപം

നബിﷺ കാണിച്ചുതന്ന രൂപത്തിലാണ് നമസ്കാരം നിർവഹിക്കേ  ത് എന്നതിനാൽ തന്നെ സുജൂദ് തികച്ചും പ്രവാചക മര്യാദയനുസരിച്ചായിരിക്കണം. പലരുടേയും സുജൂദ് സുജൂദായിത്തീരുന്നില്ല എന്നത് യാഥാർഥ്യമാണ്. പ്രവാചകന്റെ സുജൂദ് എങ്ങിനെയായിരുന്നുവെന്ന് ഹദീഥിൽ വന്നത് ഇപ്രകാരമാണ്.

ഏത് അവയവമാണ് നിലത്ത് ആദ്യമായി വെക്കേ ത്?

സുജൂദിലേക്ക് പോകുമ്പോൾ അല്ലാഹു അക്ബർ എന്ന് പറയുകയും മുട്ടിൻ കാൽ നിലത്ത് വെക്കുന്നതി

നുമുമ്പായി കൈകൾ നിലത്ത് വെക്കുകയുമാണ് ചെയ്യേ ത്. കാരണം നബിﷺ പറഞ്ഞു:

« إِذَا سَجَدَ أَحَدُكُمْ فَلاَ يَبْرُكْ كَمَا يَبْرُكُ الْبَعِيرُ وَلْيَضَعْ يَدَيْهِ قَبْلَ رُكْبَتَيْهِ ».- أبوداود -صحيح

'നിങ്ങളിൽ ആരെങ്കിലും സുജൂദ് ചെയ്യുകയാണെങ്കിൽ ഒട്ടകം മുട്ട് കുത്തുന്നതുപോലെ മുട്ട് കുത്തരുത്. അവന്റെ ഇരു കാൽമുട്ടുകൾക്ക് മുമ്പായി ഇരു കൈകളും അവൻ വെക്കട്ടെ'. (അബൂദാവൂദ്)

ഒട്ടകം ആദ്യമായി വെക്കുന്നത് അതിന്റെ മുട്ട് ആണ്. അവയാകട്ടെ അതിന്റെ കൈകളിലാണ്. ഒട്ടകം ചെയ്യുന്നതുപോലെ ആകരുതെന്നും കൈകളാണ് ആദ്യം വെക്കേ ത് എന്നും ഒട്ടകം നിലത്ത് വീഴുന്നതു പോലെ വലിയ ശബ്ദത്തോടെ സുജൂദിൽ നിലത്ത് വീഴരുതെന്നുമാണ് ഹദീഥിലുള്ളത്. ഇമാം ബുഖാരിﷺ അദ്ദേഹത്തിന്റെ സ്വഹീഹിൽ ഇപ്രകാരം ഒരു അദ്ധ്യായം കൊടുത്തിരിക്കുന്നു

بَاب يَهْوِي بِالتَّكْبِيرِ حِينَ يَسْجُدُ وَقَالَ نَافِعٌ كَانَ ابْنُ عُمَرَ يَضَعُ يَدَيْهِ قَبْلَ رُكْبَتَيْهِ

'സുജൂദിലേക്ക് കുനിയുമ്പോൾ അല്ലാഹു അക്ബർ എന്ന് ചൊല്ലണം എന്ന് പറയുന്ന അദ്ധ്യായം. നാഫിഅ് പറയുന്നു: ഇബ്നു ഉമർ അദ്ദേഹത്തിന്റെ ഇരു കാൽമുട്ടുകളും വെക്കുന്നതിനുമുമ്പായി കൈകളായിരുന്നു വെച്ചിരുന്നത്'.

നബിﷺ ചില സന്ദർഭങ്ങളിൽ സുജൂദ് ചെയ്യുമ്പോൾ കൈകൾ ഉയർത്തിയിരുന്നു. മാലിക് ഇബ്നു ഹു

വൈരിഥ്ﷺ നബിﷺയെ നമസ്കരിക്കുന്നതായി ക ഹദീഥിൽ ഇപ്രകാരമു ്.

رَفَعَ يَدَيْهِ فِي صَلَاتِهِ وَإِذَا رَكَعَ وَإِذَا رَفَعَ رَأْسَهُ مِنَ الرُّكُوعِ وَإِذَا سَجَدَ وَإِذَا رَفَعَ رَأْسَهُ مِنَ السُّجُودِ حَتَّى يُحَاذِيَ بِهِمَا فُرُوعَ أُذُنَيْهِ- النسائي صححه الألباني

'നബി നമസ്കാരത്തിൽ റുകൂഇലും റുകൂഇൽനിന്ന് ഉയരുമ്പോഴും സുജൂദിലും അതിൽനിന്ന് ഉയരുമ്പോഴും ഇരു ചെവികൾ വരേയും കൈകൾ ഉയർത്തി''. (നസാഇ)

**ഏതെല്ലാം അവയവങ്ങൾ നിലത്ത് വെക്കണം.**

സുജൂദിൽ ഏഴ് അവയവങ്ങളാണ് നിലത്ത് വെക്കേ ത്. നെറ്റിത്തടം, മൂക്ക്, ഇരു കൈകളുടേയും പള്ളകൾ, കാൽമുട്ടകൾ ര ും, കാൽവിരലുകൾ എന്നിവയാണവ. നബിﷺ പറഞ്ഞു:

أُمِرْتُ أَنْ أَسْجُدَ عَلَى سَبْعَةِ أَعْظُمٍ عَلَى الْجَبْهَةِ وَأَشَارَ بِيَدِهِ عَلَى أَنْفِهِ وَالْيَدَيْنِ وَالرُّكْبَتَيْنِ وَأَطْرَافِ الْقَدَمَيْنِ وَلَا نَكْفِتَ الثِّيَابَ وَالشَّعَرَ- البخاري

'ഏഴ് എല്ലുകളിൽ സുജൂദ് ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. നെറ്റിത്തടം തിരുമേനിﷺ കൈ കൊ ് മൂക്കിലേക്ക് ചൂ ി. ര ് കൈകൾ, ഇരു കാൽമുട്ടുകൾ,ഇരുപാദങ്ങളുടേയും അറ്റങ്ങൾ.വസ്ത്രവും മുടിയും ചുരുട്ടി പിടിക്കരുത് എന്നും (ഞാൻ കൽപിക്കപെട്ടിരിക്കുന്നു)'. (ബുഖാരി)

**കൈകൾ ഇപ്രകാരമായിരിക്കണം**

കൈകൾ ര ും കക്ഷം കാണുന്ന രൂപത്തിൽ(അടുത്തുള്ളവർക്ക് പ്രയാസം സൃഷ്ടിക്കാതെ) പാർശ്വങ്ങളിൽ നിന്നും അകറ്റി പൊക്കി പിടിക്കുകയും കൈപള്ള നിലത്ത് വെക്കുകയും വിരലുകൾ ക്വിബ്ലക്ക് അഭിമു

ഖമായി നിവർത്തി ചേർത്ത് പിടിത്തുകയുമാണ് വേ ത്.

ബറാഅ് ഇബ്നു ആസിബ്ﷺ നിന്നുളള നിവേദന ത്തിൽ ഇപ്രകാരമാണ്.

كَانَ النَّبِيُّ –ﷺ– يَسْجُدُ عَلَى أَلْيَتَيِ الْكَفِّ– السنن الكبرى للبيهقي وصححه الألباني
'നബി കൈപളളയിലാണ് സുജൂദ് ചെയ്തിരുന്നത്.'' (ബൈഹഖി)

വായിൽ ഇബ്നു ഹുജ്ർﷺ പറഞ്ഞു;

كَانَ النَّبِيُّ ﷺ إِذَا رَكَعَ فَرَّجَ أَصَابِعَهُ ، وَإِذَا سَجَدَ ضَمَّ أَصَابِعَهُ.– السنن الكبرى للبيهقي وصححه الألباني

'നബിﷺ റുകൂഇൽ വിരലുകൾ അകറ്റി പിടിക്കുകയും സുജൂദിൽ വിരലുകൾ കൂട്ടി പിടിക്കുകയും ചെയ്യുമാ യിരുന്നു.'' (ബൈഹഖി)

ബറാഅ് ഇബ്നു ആസിബ്ﷺ നിവേദനം

كَانَ رَسُولُ اللَّهِ ﷺإِذَا سَجَدَ فَوَضَعَ يَدَيْهِ بِالأَرْضِ اسْتَقْبَلَ بِكَفَّيْهِ وَأَصَابِعِهِ الْقِبْلَةَ.– السنن الكبرى للبيهقي وصححه الألباني

'നബിﷺ സുജൂദ് ചെയ്യുമ്പോൾ കൈകൾ ര ും നില ത്ത് വെക്കുകയും കൈ പടങ്ങൾ കൊ ും വിരലുക ളും കിബ്ലക്ക് മുന്നിടീക്കുകയും ചെയ്യുമായിരുന്നു''. (ബൈഹഖി)

മൈമൂനﷺയിൽ നിന്നും

أَنَّ النَّبِيَّ – ﷺ كَانَ إِذَا سَجَدَ جَافَى بَيْنَ يَدَيْهِ حَتَّى لَوْ أَنَّ بَهْمَةً أَرَادَتْ أَنْ تَمُرَّ تَحْتَ يَدَيْهِ مَرَّتْ.– أبوداود –صحيح

'നബിﷺ സുജൂദ് ചെയ്യുമ്പോൾ കൈകൾ അകറ്റി വെ ക്കുമായിരുന്നു. ഒരു ആട്ടിൻ കുട്ടിക്ക് അതിന് ചുവട്ടിലൂ

ടെ നടന്ന് പോകാൻ ഉദ്ദേശിക്കുകയാണെങ്കിൽ അതിന് സാധിക്കുമായിരുന്നു.' (അബൂദാവൂദ്).

**മുഴക്കൈ നിലത്ത് വെക്കരുത്.**

നബിﷺ പറഞ്ഞു:

اعْتَدِلُوا فِي السُّجُودِ وَلَا يَبْسُطْ أَحَدُكُمْ ذِرَاعَيْهِ انْبِسَاطَ الْكَلْبِ- البخاري

'നിങ്ങൾ സുജൂദിൽ നേരെയാക്കുക നായ വിരുത്തുന്നതുപോലെ നിങ്ങൾ മുഴക്കൈ വിരിക്കരുത് '' (ബുഖാരി)

**ധൃതി കാണിക്കരുത്**

നബിﷺ പറഞ്ഞു;

أَسْوَأُ النَّاسِ سَرِقَةً الَّذِي يَسْرِقُ مِنْ صَلَاتِهِ قَالُوا يَا رَسُولَ اللَّهِ وَكَيْفَ يَسْرِقُ مِنْ صَلَاتِهِ قَالَ لَا يُتِمُّ رُكُوعَهَا وَلَا سُجُودَهَا أَوْ قَالَ لَا يُقِيمُ صُلْبَهُ فِي الرُّكُوعِ وَالسُّجُودِ- أحمد –صحيح

'മോഷ്ടാക്കളിലെ ഏറ്റവും നീചന്മാർ നമസ്കാരത്തിൽ നിന്ന് മോഷ്ടിക്കുന്നവരാണ്. അവർ ചോദിച്ചു അല്ലാഹുവിന്റെ ദൂതരേ, എങ്ങിനെയാണ് നമസ്കാരത്തിൽ നിന്നും മോഷ്ടിക്കുക? തിരുമേനിﷺ പറഞ്ഞു: റുകൂഓ സുജൂദോ പൂർത്തിയാക്കാത്തവനാണ്. അല്ലെങ്കിൽ റുകൂഇലും സുജൂദിലും മുതുകെല്ല് നേരെയാക്കാത്തവരാണ്. (അഹ്മദ്)

**കൈ എവിടെ വെക്കണം**

സുജൂദിൽ ഇരു കൈകളും ചുമലിന് നേരെയോ അല്ലെങ്കിൽ ചെവികൾക്ക് നേരെയോ അൽപം അകലത്തിലാണ് വെക്കേ ത്.അബൂദാവൂദ്ﷺ അബൂ ഹുമൈദിﷺൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ ഇപ്രകാരമാണ്.

ثُمَّ سَجَدَ فَأَمْكَنَ أَنْفَهُ وَجَبْهَتَهُ وَنَحَّى يَدَيْهِ عَنْ جَنْبَيْهِ وَوَضَعَ كَفَّيْهِ حَذْوَ مَنْكِبَيْهِ- أبوداود صحيح

'ശേഷം തിരുമേനിﷺ സുജൂദ് ചെയ്തു. മൂക്കും നെറ്റിത്തടവും നിലത്ത് വെക്കുകയും കൈകൾ ര ും പാർശങ്ങളിൽനിന്ന് അകറ്റുകയും ഇരു കൈ പടങ്ങളും ഇരു ചുമലിനു നേരെ വെക്കുകയും ചെയ്തു''. (അബൂദാവൂദ്)

വായിൽ ഇബ്നു ഹുജ്റിﷺൽ നിന്നും ഇമാം മുസ്ലിംﷺ ഉദ്ധരിക്കുന്ന അൽപം ദീർഘമായ ഹദീഥിൽ ഇപ്രകാരമാണ്,

فَلَمَّا سَجَدَ سَجَدَ بَيْنَ كَفَّيْهِ.- مسلم

'സുജൂദ് ചെയ്തപ്പോൾ ര ് കൈപടങ്ങൾക്ക് ഇടയിലായി തിരുമേനി സുജൂദ് ചെയ്തു.'' (മുസ്ലിം)

**കാലുകൾ, കാൽ വിരലുകൾ**

കാൽമുട്ട് നിലത്ത് വെക്കുകയും കാൽ വിരലുകൾ ക്വിബ്ലക്ക് അഭിമുഖമാക്കി ഇരുകാലുകളും ചേർത്ത് നാട്ടിവെക്കുകയും വേണം. ആയിശﷺ നബിﷺയുടെ സുജൂദിനെ കുറിച്ച് ഇപ്രകാരമാണ് പറഞ്ഞത്.

فوجدته ساجدا راصا عقبيه مستقبلا بأطراف أصابعه القبلة- الحاكم

'കാൽ വിരലുകളുടെ അറ്റങ്ങൾ ക്വിബ്ലക് അഭിമുഖമാക്കി മടമ്പുകൾ ര ും ചേർത്തു വെച്ചുകൊ ് സുജൂദ് ചെയ്യുന്നതായി ഞാൻ നബിയെ ക ു. (ഹാകിം)

**സുജൂദിലെ പ്രാർത്ഥനകൾ**

നിർബന്ധ നമസ്കാരങ്ങളിലാകട്ടെ രാത്രി നമസ്കാരങ്ങളിലാകട്ടെ നബിﷺ വിവിധങ്ങളായ ദിക്റുകളാണ് ചൊല്ലിയിരുന്നത്. എന്നും ഒരു ദിക്റ് തന്നെ പതിവാക്കുന്നതിന് പകരം വിവിധങ്ങളായ ദിക്റുകൾ ചൊല്ലുമ്പോൾ നമസ്കാരത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയുന്നു. അർത്ഥ വ്യാപ്തിയുള്ള ഇത്തരം ദിക്റുകൾ വിശ്വാസികൾ മനപാഠമാക്കേ തു ്. നബിﷺ സുജൂദിൽ ചൊല്ലിയതായി ഹദീഥിൽ വന്ന ദിക്റുകളാണ് താഴെ കൊടുക്കുന്നത്.

**1- « سُبْحَانَ رَبِّيَ الأَعْلَى » -أبوداود وصححه الألباني**

'അത്യുന്നതനായ എന്റെ നാഥന്റെ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു.'

**2- « سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْ لِي »- أبوداود وصححه الألباني**

'ഞങ്ങളുടെ നാഥനായ അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞങ്ങൾ പ്രകീർത്തിക്കുന്നു.അല്ലാഹുവേ എന്നിക്ക് പൊറുത്ത് തരേണമേ.'

**3- « سُبُّوحٌ قُدُّوسٌ رَبُّ الْمَلاَئِكَةِ وَالرُّوحِ » أبوداود وصححه الألباني**

'ജിബ്രീലിൻേറയും ഇതര മലക്കുകളുടേയും നാഥൻ ഏറെ പരിശുദ്ധനാണ്.'

**4- « اللَّهُمَّ لَكَ سَجَدْتُ وَبِكَ آمَنْتُ وَلَكَ أَسْلَمْتُ سَجَدَ وَجْهِي لِلَّذِى خَلَقَهُ وَصَوَّرَهُ وَشَقَّ سَمْعَهُ وَبَصَرَهُ تَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ » مسلم**

'അല്ലാഹുവേ നിനക്ക് ഞാനിതാ സാഷ്ടാംഗം ചെയ്തിരിക്കുന്നു.നിന്നെ വിശ്വസിക്കുകയും നിനക്ക് കീഴ്പ്പെടുകയും ചെയ്തിരിക്കുന്നു. സൃഷ്ടിക്കുകയും രൂപം നൽകുകയും കണ്ണും കാതും കീറുകയും ചെയ്തവന് എ

ന്റെ മുഖം സാഷ്ടാംഗം ചെയ്തിരിക്കുന്നു. സൃഷ്ടിക്കുന്നവനിൽ ഉത്തമനായ അല്ലാഹു അനുഗ്രഹീതനായിരിക്കുന്നു'

5- « اللَّهُمَّ اغْفِرْ لِي ذَنْبِي كُلَّهُ دِقَّهُ وَجِلَّهُ وَأَوَّلَهُ وَآخِرَهُ وَعَلاَنِيَتَهُ وَسِرَّهُ »- مسلم

'അല്ലാഹുവേ ചെറുതും വലുതും ആദ്യത്തേതും അവസാനത്തേതും പരസ്യവും രഹസ്യവുമായ എന്റെ എല്ലാ പാപങ്ങളും നീ പൊറുത്തു തരേണമേ'

6- اللَّهُمَّ اجْعَلْ فِي قَلْبِي نُورًا وَاجْعَلْ فِي سَمْعِي نُورًا وَاجْعَلْ فِي بَصَرِي نُورًا وَاجْعَلْ مِنْ تَحْتِي نُورًا وَاجْعَلْ مِنْ فَوْقِي نُورًا وَعَنْ يَمِينِي نُورًا وَعَنْ يَسَارِي نُورًا وَاجْعَلْ أَمَامِي نُورًا وَاجْعَلْ خَلْفِي نُورًا وَأَعْظِمْ لِي نُورًا - النسائي وصححه الألباني

'അല്ലാഹുവേ, എന്റെ ഹൃദയത്തിലും കാതിലും കണ്ണിലും നീ പ്രകാശം നൽകേണമേ, എന്റെ താഴെയും മുകളിലും വലതും ഇടതും ഭാഗങ്ങളിലും എന്റെ മുന്നിലും പിന്നിലും നീ പ്രകാശം നൽകേണമേ എനിക്ക് പ്രകാശത്തെ മഹത്വപ്പെടുത്തി തരികയും ചെയ്യേണമേ.'

7- « سُبْحَانَ ذِى الْجَبَرُوتِ وَالْمَلَكُوتِ وَالْكِبْرِيَاءِ وَالْعَظَمَةِ » - أبوداود وصححه الألباني

'പരമശക്തിയും പരമാധികാരവും അത്യുന്നതിയും മഹത്വമുള്ളവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.'

8- « سُبْحَانَكَ وَبِحَمْدِكَ لاَ إِلَهَ إِلاَّ أَنْتَ »- مسلم

'നിന്നെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. നീയല്ലാതെ യാതൊരു ആരാധ്യനുമില്ല'

9- رَبِّ اغْفِرْ لِي مَا أَسْرَرْتُ وَمَا أَعْلَنْتُ- أحمد صحيح

'രക്ഷിതാവേ ഞാൻ രഹസ്യമാക്കിയതും പരസ്യമാക്കി യതും നീ എനിക്ക് പൊരുത്ത് തരേണമേ'

10- « اللَّهُمَّ أَعُوذُ بِرِضَاكَ مِنْ سَخَطِكَ وَبِمُعَافَاتِكَ مِنْ عُقُوبَتِكَ وَأَعُوذُ بِكَ مِنْكَ لاَ أُحْصِى ثَنَاءً عَلَيْكَ أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ »- مسلم

'അല്ലാഹുവേ തീർച്ചയായും ഞാനിതാ നിന്റെ പ്രീതി കൊ ് നിന്റെ കോപത്തിൽനിന്നും നിന്റെ വിട്ടുവീഴ്ച കൊ ് നിന്റെ ശിക്ഷയിൽനിന്നും അഭയം തേടുന്നു.നിന്നിൽനിന്നുള്ള എല്ലാ വിഷമങ്ങളിൽനിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു. നിന്റെ മേലുള്ള സ്തുതിയെ കണക്കാക്കാൻ എനിക്ക് കഴിയില്ല. നീ നിന്നെക്കുറിച്ച് പ്രകീർത്തിച്ചത് എങ്ങിനെയാണോ അങ്ങിനെയാണ് നീ.'

************